അന്യ സംസ്ഥാനങ്ങളിലെ ലോട്ടറി ടിക്കറ്റുകൾ വില്ക്കുന്ന മൊത്ത ഏജന്റുമാരിൽനിന്നും വില്പന നികുതി ഈടാക്കാൻ നടപടി

16 (2484) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിലെ ലോട്ടറി ടിക്കറ്റുകൾ കേരളത്തിൽ വിൽക്കുന്ന ഇനത്തിൽ മൊത്ത ഏജന്റുമാരിൽനിന്നും വില്പന നികുതി ഈടാക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) 2001-02, 2002-03 വർഷങ്ങളിൽ ഈ ഇനത്തിൽ എന്തു തുക ഈടാക്കിയിട്ടുണ്ടെന്നും പ്രസ്തുത ഏജന്റുമാരുടെ പേര് സഹിതം വെളിപ്പെടുത്തുമോ ;

(ഡി) അന്യസംസ്ഥാനങ്ങളിലെ ഓൺ ലൈൻ ലോട്ടറിക്ക് വില്പന നികുതി ഏർപ്പെടുത്താനുള്ള തടസ്സം വെളിപ്പെടുത്താമോ ;

(ഇ) ഈ ഇനത്തിൽ സർക്കാരിന് എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ എത്രയും വേഗം ഈ ഇനത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വില്പന നികുതി ചോർച്ച തടയാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കേരളത്തിൽ അന്യസംസ്ഥാനങ്ങളിലെ ലോട്ടറി ടിക്കറ്റുകൾ വില്ക്കുന്ന ലോട്ടറി ഏജന്റുമാരും കേരള വില്പന നികുതി പ്രകാരം നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. അത്തരം കച്ചവടക്കാരിൽനിന്നും താഴെപറയും പ്രകാരം നികുതി ഇനത്തിൽ ലൈസൻസ് ഫീസ് പിരിച്ചെടുക്കുന്നു.

1.	ഡെയിലി ലോട്ടറീസ്	- 10,000
2.	പ്രതിവാര ലോട്ടറീസ്	- 20,000
3.	ദ്വൈവാര ലോട്ടറീസ്	- 25,000
4.	പ്രതിമാസ ലോട്ടറീസ്	- 50,000
5.	നമ്പർ, സൂപ്പർ, ഫെസ്റ്റിവൽ നമ്പർ ലോട്ടറീസ്	- 1,00,000
(സി)	മേഗാ നമ്പർ ലോട്ടറീസ്	- 3,00,000

(ഡി&ഇ) കേരള വില്പന നികുതി നിയമ വകുപ്പ് 5 (ബി) (എ) പ്രകാരം ലോട്ടറി ടിക്കറ്റ് വില്പനയ്ക്ക് ലൈസൻസ് ഫീസ് നൽകേണ്ടതുണ്ട്. ആയതിനാൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. അതുകൊണ്ട് നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നില്ല.

(എഫ്) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly